**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - കോവിഡ് രണ്ടാം തരംഗത്തിന്റെ ഭാഗമായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ളതും വാടകയ്ക്ക് നൽകിയിട്ടുള്ളതുമായ കടമുറികളുടെ വാടക ഒഴിവാക്കി നൽകുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിപ്പിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്**

സ.ഉ(കൈ)നം. 261/2021/ത.സ്വ.ഭ.വ തീയതി, തിരുവനന്തപുരം: 06/11/2021

---

പരാമർശം:- 1) സ.ഉ (കൈ) നം. 115/2021/ധന. തീയതി: 30/09/2021.

2) ഷോപ്പ് & ഓഫീസ് ഹോൾഡേഴ്സ് അസ്സോസിയേഷൻ സെക്രട്ടറിയുടെ 18-10-2021 ലെ Ref: 116/ 2021/SOHA നം. കത്ത്.

**<u>ഉത്തരവ്</u>**

കോവിഡ് രണ്ടാം തരംഗത്തിൽ പ്രത്യാഘാതമനുഭവിക്കുന്ന ചെറുകിട വ്യാപാരികൾ, വ്യവസായികൾ, കൃഷിക്കാർ എന്നിവരുൾപ്പെടെയുള്ളവർക്ക് സഹായകരമായ അനുബന്ധ പാക്കേജ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി സർക്കാർ വാടകയ്ക്ക് നൽകിയ കടമുറികളുടെ വാടക 2021 ജൂലൈ മുതൽ 2021 ഡിസംബർ 31 വരെയുള്ള കാലയളവിലേക്ക് ഒഴിവാക്കിക്കൊണ്ട് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2) എന്നാൽ ഇപ്രകാരം പ്രഖ്യാപിക്കപ്പെട്ട ഇളവ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിൽ വരുന്നതും, വാടകയ്ക്ക് നൽകിയിട്ടുള്ളതുമായ കടമുറികൾക്ക് ബാധകമാണോ എന്ന വിഷയത്തിൽ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ആശങ്ക നിലനിൽക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോവിഡ് രണ്ടാം തരംഗത്തിൽ പ്രത്യാഘാതമനുഭവിക്കുന്ന ചെറുകിട വ്യാപാരികൾ, വ്യവസായികൾ, കൃഷിക്കാർ എന്നിവരുൾപ്പെടെയുള്ളവർക്ക് സഹായകരമാകുന്നതിലേക്കായി വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിൽ വരുന്നതും, വാടകയ്ക്ക് നൽകിയിട്ടുള്ളതുമായ കടമുറികളുടെ വാടക അവരവരുടെ ധനസ്ഥിതി കൂടി പരിഗണിച്ച് 2021 ജൂലൈ മുതൽ 2021 ഡിസംബർ വരെ ഒഴിവാക്കി നൽകുന്നതിന് അതാത് തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ശാരദ മുരളീധരൻ ഐ എ എസ്**

**അഡീഷണൽ ചീഫ് സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്കും (ബന്ധപ്പെട്ട ഡയറക്ടർ മുഖേന).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്-1/ആഡിറ്റ്-II), കേരള, തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

ധനകാര്യ (ഇൻഡസ്ട്രീസ് & പി.ഡബ്ല്യൂ.എ) വകുപ്പ്

എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ/ഓഫീസ് കോപ്പി (ത.സ്വ.ഭ.വ-ആർസി2/312/2021-ത.സ്വ.ഭ.വ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ